കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴുവിലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1664(എ)/2017

തീയതി: 21.08.2017

Phone No: 0471-2331231
Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കിഴവിലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴവിലം ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1664(എ)/2017 തീയതി 21.08.2017

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.11.16 മുതൽ 19.07.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എൻക്വയറികൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2017 മുതൽ 29.07.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|

| | |
|---|---|
| ശ്രീമതി. സ്നിഗ്ധ. എസ്. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീമതി. ശ്യാമപ്രിയ.എസ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിനോദ്. എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.അൻസാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.എൻ.വിജയകുമാർ | 01.04.2016 മുതൽ 31.03.17 വരെ |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി. ജിജി. വി.വി. | 01.04.2016 മുതൽ 09.09.2016വരെ |
| | ശ്രീ. ശ്രീജിത്ത് | 17.09.2016 മുതൽ 10.11.2016വരെ |
| | ശ്രീമതി. ജിജി.വി.വി. | 11.11.2016 മുതൽ 14.11.2016 വരെ ഒഴിവ് നികത്തിയിട്ടില്ല |
| | | 15.11.16 മുതൽ |

| | | |
|---|---|---|
| | | 31.03.17വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദീപ .രവി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനിൽകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിനീത | 01.04.2016 മുതൽ 12.01.2017 വരെ<br>13.01.2017 മുതൽ 14.01.2017 വരെ ഒഴിവ് നികത്തിയിട്ടില്ല |
| | ഡോ.ദിവ്യ.പി.കെ | 22.01.17 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. എ.നസിർ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ - I | ശ്രീ.സതീശൻ.ഡി | 01.04.2016 മുതൽ 23.11.2016 വരെ |
| | ശ്രീ.അനൂപ് | 23.11.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. (ബി.സർക്കിൾ) | - | 01.04.2016 |
| | ശ്രീമതി.ആശ രാജ് | 27.08.16 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിപിൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഷാജിലാ.ബീവീ. | 01.04.2016 മുതൽ 31.03.2017 വരെ |
| എച്ച്.എം, | ശ്രീ.സുചിത്രൻ | 01.04.2016 |

| | | |
|---|---|---|
| ഗവ.യു.പി.എസ്. പാലവിള | | മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സുജാകുമാരി | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| | ഭാഗം-1 | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 | |
| 11 | ആഭ്യന്തര നിയന്ത്രണം | 1.11 | |
| 12 | ക്യാഷ് ബുക്ക് പരിപാലനം | 1.12 | |

| | | | |
|---|---|---|---|
| 13 | അനുബന്ധ പത്രികകൾ | 1.13 | |
| | ഭാഗം-2 | | |
| 14 | കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ അനാസ്ഥ | 2.1 | |
| 15 | ലൈസൻസ് ഫീസ്, സ്ഥാപന നികുതി- ട്രേഡേഴ്സ് ലിസ്റ്റ് ഇല്ല. | 2.2 | |
| 16 | തൊഴിൽ നികുതി - സ്ഥാപനങ്ങളുടെ റിട്ടേണുകളിൽ കൃത്രിമം. | 2.3 | |
| 17 | പരസ്യ നികുതി - വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഇഴയുന്നു. | 2.4 | |
| | ഭാഗം - 3 | | |
| 18 | ഭവനനിർമ്മാണം (വിധവ) പദ്ധതി - ഭൂമിയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി | 3.1 | |
| 19 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല. | 3.2 | |
| 20 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. | 3.3 | |
| 21 | അങ്കണവാടികളിലെ THRS വിതരണം - ഗുണമേന്മാ ഉറപ്പാക്കപ്പെടുന്നില്ല. | 3.4 | |

| | | | |
|---|---|---|---|
| | | | |
| 22 | അങ്കണവാടി പോഷകാഹാര പരിപാടി - പട്ടികജാതി ഫണ്ട് വകയിരുത്തിയത് സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ. | 3.5 | |
| 23 | ഇല്ലാത്ത തസ്തികയിലും ഇല്ലാത്ത ലാബിലും ലാബ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം - 1,54,700/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3.6 | |
| 24 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച – 3,21,65,123/- രൂപയുടെ പ്രോജക്ടുകൾനടപ്പിലാക്കിയില്ല. | 3.7 | |
| 25 | സർവീസ് ടാക്സ് ഈടാക്കിയത് അടവാക്കിയില്ല. | 3.8 | |
| 26 | റോഡ് സംരക്ഷണ ഗ്രാന്റ് - വിനിയോഗത്തിൽ വീഴ്ച | 3.9 | |
| 27 | പ്രോജക്'ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 59 ലക്ഷം രൂപ | 3.10 | |
| 28 | എസ്.സി.പി ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖാ ലംഘനം | 3.11 | |
| 29 | പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല | 3.12 | |
| 30 | പ്രത്യേക പരിഗണന അർഹിക്കുന്ന | 3.13 | |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല. | | |
| 31 | വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല | 3.14 | |
| 32 | തനതുഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ | 3.15 | |
| 33 | മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുക തിരികെ ഈടാക്കിയിട്ടില്ല. | 3.16 | |
| 34 | വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.17 | |
| 35 | തനത്ഫണ്ട് ചെലവ് -തുക തടസ്സപ്പെടുത്തുന്നു. | 3.18 | |
| 36 | നിറച്ച ഗ്രോബാഗ് - കുരുമുളക് വള്ളികൾ എന്നിവ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല തുക തടസ്സപ്പെടുത്തുന്നു. | 3.19 | |
| 37 | ടില്ലറുകളുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു. | 3.20 | |
| 38 | തണൽ പദ്ധതിയുടെ തുക ബാങ്ക് അക്കൗണ്ടിൽ മരവിപ്പിച്ച നിലയിൽ | 3.21 | |

| | | | |
|---|---|---|---|
| 39 | തണൽ പദ്ധതി രണ്ടാംഘട്ടം- 21ലക്ഷം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ കിടക്കുന്നു. | 3.22 | |
| 40 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - നാളിതുവരെ നടപടിയുണ്ടാകുന്നില്ല. | 3.23 | |
| 41 | ആസ്തി തിട്ടപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടികളില്ല. | 3.24 | |
| 42 | പൂർണതോതിൽ ഉപയോഗിക്കാതെ കെട്ടിടങ്ങൾ | 3.25 | |
| 43 | വനിതാവികസന കേന്ദ്രം - വരവ് ചെലവ് രേഖകളില്ല. | 3.26 | |
| 44 | പഞ്ചായത്തിനും കൃഷി ഓഫീസർക്കും കണക്കില്ലാതെ കാർഷിക ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു. | 3.27 | |
| 45 | ആശ്രയപദ്ധതി - ലക്ഷ്യം കൈവരിച്ചില്ല. | 3.28 | |
| | ഭാഗം-4 | | |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4.3 | |

| | | | |
|---|---|---|---|
| | | | |
| 49 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 | |
| 50 | സ്ഥിര നിക്ഷേപങ്ങൾ | 4.5 | |
| 51 | ഓഡിറ്റ് റിക്കവറി | 4.6 | |
| 52 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4.7 | |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4.9 | |



# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 05.03.2016-ലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് 17,26,97,000/-രൂപയും ചെലവ് 17,50,47,000/-രൂപയുമായിരുന്നു. പിന്നീട് റിവൈസ്ഡ് ബജറ്റ് 25.10.2016ൽ ചേർന്ന കമ്മിറ്റി 1 (1) നമ്പരായി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 19038280/- | 19038209/- | 71 | - |
| വരവ് | 239658843/- | 59039552/- | 180619291 | - |
| ആകെ | 258697052/- | 78077761/- | 336774813 | - |
| ചെലവ് | 2361610425/- | 58048948/- | 2419659373 | - |

| | | | | |
|---|---|---|---|---|
| നീക്കിയിരിപ്പ് | 23500627/- | 20028813/- | 3471814 | - |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്. പഞ്ചായത്ത് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 20.07.17 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

അനുബന്ധമായി ഉൾപ്പടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | : ₹ 19038209/- |
| വരവ് | : ₹ 59039552/- |
| ആകെ | : ₹ 78077761 |
| ചെലവ് | : ₹ 58048948/- |
| നീക്കിയിരുപ്പ് | : ₹ 20028813/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 2526493 | 1,33,64,361 | 1,58,90,854 | 15890854 | - |
| വികസനഫണ്ട് (എസ്.സി.പി) | - | 94,96,044 | 94,96,044 | 94,96,004 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | - | 5168288 | 5168288 | 5168288 | - |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 38,96,831 | 38,96,831 | 38,96,831 | - |
| ധനകാര്യ കമ്മീഷൻ അവാർഡ് | - | 23,34,313 | 23,34,313 | 23,34,313 | - |
| ലോക ബാങ്ക് സഹായം | - | 7,07,023 | 7,07,023 | 7,07,023 | - |
| എം.ജ.എൻ.ആർ. ഇ.ജി.എസ്. | 2011 | 10,80,708 | 10,82,719 | 10,81,456 | 1263 |
| ബി.ഫണ്ട്. | - | 9,51,560 | 9,51,560 | 9,51,560 | - |

വാർഷിക ധനകാര്യപത്രികയിന്മേലുള്ള അപാകതകൾ

VPFA-II(A),II(B),III(road,non road)അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല .

B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ 63,833/-രൂപ ബാലൻസ് ഉണ്ട്. കെട്ടിടനികുതിയിനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കുടിശ്ശിക, തൻവർഷ കളക്ഷൻതുക ഏ.എഫ്.എസ്. പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | സഞ്ചയ പ്രകാരമുള്ള തുക | ഏ.എഫ്.എസ്. പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| കെട്ടിട നികുതി(തൻവർഷം) | 1423848 | 1372868 | -50980 |
| കുടിശ്ശിക | 1011903 | 1068362 | 56459 |

സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസറ്റർ എന്നിവ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല. RP-36 Schedule പ്രകാരം Advance collection of Rent from lease of land എന്ന head ലെ വരവ് 57,500/-രൂപയാണ്.എന്നാൽ ഈ ഇനത്തിലെ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ വരവ് 19166/- രൂപയാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 173 | 77 | 29 | 67 | 61.27 |

പദ്ധതി നിർവഹണ വിവരങ്ങൾ

| മേഖല | പദ്ധതികളുടെ | വകയിരുത്തിയ | ചെലവാക്കിയ |
|---|---|---|---|

| | എണ്ണം | തുക | തുക |
|---|---|---|---|
| ഉത്പാദനം | 20 | 7097191 | 2351744 |
| സേവനം | 69 | 40600223 | 27977048 |
| പശ്ചാത്തലം | 84 | 27642033 | 4827462 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 10 | 5550000 | 10 | 3691855 |
| വൃദ്ധർ | 2 | 716000 | 2 | 716000 |
| ഭിന്നശഷിയുള്ളവർ, ദുർബല വിഭാഗത്തിൽപ്പെട്ടവർ | 3 | 900000 | 3 | 315000 |
| കുട്ടികൾ | 3 | 1488000 | 3 | 1366000 |
| പാലിയേറ്റീവ് കെയർ | 1 | 650000 | 1 | 603033 |
| യുവജന വികസന പരിപാടി | 2 | 1500000 | 2 | 250000 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 33 | 14 | 9044764 | 4021638 | 44 |
| അസി. സെക്രട്ടറി | 13 | 12 | 8365000 | 4390000 | 52 |
| അസി. എഞ്ചിനീയർ | 82 | 38 | 45247875 | 13082752 | 29 |
| കൃഷി ഓഫീസർ | 10 | 8 | 6326336 | 1863438 | 29 |
| വെറ്ററിനറി സർജൻ | 7 | 7 | 4600000 | 2606200 | 57 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1416000 | 1343033 | 95 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 580000 | 580000 | 100 |
| വി.ഇ.ഒ. | 9 | 8 | 7208700 | 5467200 | 76 |
| ഹെഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 8 | 8 | 3003000 | 2434000 | 81 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 3814000 | 3159055 | 83 |

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 3825822 | 3545890 | -279932 |
| നികുതിയേതര വരവുകൾ | 1104061 | 310222 | -793839 |
| ആകെ | 4929883 | 3856112 | -1073771 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | എണ്ണം | തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 717 | 3204810 |
| 2 | തൊഴിൽരഹിത വേതനം | 405 | 635760 |
| 3 | വിധവാ പെൻഷൻ | 1906 | 17086100 |
| 4 | വികലാംഗ പെൻഷൻ | 448 | 3769040 |
| 5 | വാർദ്ധക്യ പെൻഷൻ | 3537 | 32339250 |
| 6 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 10 | 343120 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017-ന് ഉച്ചയ്ക്ക് 3.00 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിധ്യത്തിൽ നടത്തി. 14,058/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.04.17 - 04.04.17 | 31.3.2017വരെ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.12.16 - 09.01.17 | 2011-12- 2015-16 | 22.02.17(report dtd:17.02.17) |

## 1-11 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. രേഖകളും രജിസ്റ്ററുകളും കൃത്യമായി പരിപാലിച്ചിട്ടുണ്ട്. വരവിനങ്ങളിൽ വസ്തു നികുതി ഒഴികെയുള്ളവയുടെ ഡി.സി.ബി.തയ്യാറാക്കിയിട്ടുണ്ട്. സഞ്ചയാ സോഫ്റ്റ് വെയറിൽ 2016-17 വരെ നികുതി നിർണ്ണയം കഴിഞ്ഞ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. ഡി.&.ഒ. ലൈസൻസ് എടുക്കുന്നവരുടെ എണ്ണത്തിലും ഫീസിനത്തിലും തൊഴിൽനികുതി ഒടുക്കുന്ന വ്യാപാരികളുടെ എണ്ണത്തിലും വർദ്ധനവ് ഉണ്ട്. ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിലേയ്ക്കായി തുക അടവാക്കിയിട്ടുണ്ടെങ്കിലും മീറ്ററിംഗ് പ്രാവർത്തികമാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ട്രഷറി /ബാങ്ക് റിക്കൺസിലിയേഷൻ നടത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, എന്നിവ എഴുതി സൂക്ഷിക്കുന്നുണ്ട്.

## 1-12 ക്യാഷ് ബുക്ക് പരിപാലനം

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ സ.ഉ. (കൈ) 177/2006 പ്രകാരം എല്ലാ നിർവഹണോദ്യോഗസ്ഥരും അവരവർക്ക് ലഭിക്കുന്ന ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ ഫോറം TR 7A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കേണ്ടതാണെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തിലെ എല്ലാ നിർവ്വഹണോദ്യോഗസ്ഥരും ഉദാ: (വി.ഇ.ഒ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ) പാലിച്ചിട്ടില്ല.

## 1-13 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ന്യൂനതാ സാക്ഷ്യപത്രം.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ അനാസ്ഥ

2016-17 കാലയളവ് അവസാനിച്ചപ്പോൾ കെട്ടിട നികുതി (തന്നാണ്ട്) ഇനത്തിൽ 16,53,394/- രൂപയും കെട്ടിട നികുതി ഇനത്തിൽ 20,46,209/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. ഇതിൽ നിന്നും കെട്ടിട നികതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ നികുതി പിരിവ് കാര്യക്ഷമമാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും പരിശ്രമിക്കേണ്ടതാണ്.

## 2-2 ലൈസൻസ് ഫീസ്, സ്ഥാപന നികുതി- ട്രേഡേഴ്സ് ലിസ്റ്റ് ഇല്ല.

കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ലൈസൻസ് ഫീ, സ്ഥാപന നികുതി എന്നിവ പിരിക്കുന്നതിലേയ്ക്കായി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2017- 18 ലേക്ക് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണവുമാണ്. ആയതിനാൽ ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി - സ്ഥാപനങ്ങളുടെ റിട്ടേണുകളിൽ കൃത്രിമം.

തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച റിട്ടേണുകളിൽ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും അവിശ്വസനീയമായ റിട്ടേണുകൾ ആയതിനനുസൃതമായ തൊഴിൽ നികുതിയുമാണ് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുള്ളത്. ഉദാഹരണമായി എസ്.എസ്.എം ഹയർ സെക്കന്ററി സ്കൂൾ (കൊച്ചാലുംമൂട്) പ്രിൻസിപ്പാളിന്റെ പ്രതിമാസ ശമ്പളം 3000/- രൂപയാണെന്നും മറ്റ് അധ്യാപകർക്കുള്ള ശമ്പളം 2900/- രൂപയാണെന്നും സ്റ്റേറ്റ്മെന്റ് നൽകുകയും തദനുസൃതമായി 180/- രൂപ വീതം അർദ്ധ വാർഷിക തൊഴിൽ നികുതിയായി ഒടുക്കുകയും ചെയ്തിരിക്കുന്നു. മുക്തി ഫാർമ, മുടപുരം എന്ന സ്ഥാപനത്തിലെ ജീവനക്കാരിയായ ഡോ. അഞ്ചലി.എസ്-ന്റെ ഒന്നാം അർദ്ധ വർഷത്തെ ആകെ ശമ്പളം 39740/- രൂപയാണെന്നുള്ള സ്റ്റേറ്റ്മെന്റ് നൽകി 450/- രൂപ തൊഴിൽ നികുതിയിനത്തിൽ ഒടുക്കിയിരിക്കുന്നു. ഇത്തരത്തിലുള്ള സ്റ്റേറ്റ്മെന്റുകളിൽ നിന്നും, വ്യാജമായ സ്റ്റേറ്റ്മെന്റുകളിലൂടെ പഞ്ചായത്തിനെ കബളിപ്പിക്കുന്നുവെന്നോ ജീവനക്കാർക്ക് മിനിമം വേതനം നൽകുന്നില്ലയെന്നോ അനുമാനിക്കാം. ആയതിനാൽ ഇത്തരം സ്ഥാപനങ്ങളിലെ വേതന വിവരം സംബന്ധിച്ച യാഥാർത്ഥ്യം, ലേബർ കമ്മീഷണറുമായി ബന്ധപ്പെട്ട്, ഉറപ്പുവരുത്തേണ്ടതും ആയതിനനുസൃതമായി തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

## 2-4 പരസ്യ നികുതി - വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഇഴയുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2016-17 കാലയളവിലെ മിനിട്സ് പരിശോധിച്ചതിൽ 08.01.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. III (4) (1) പ്രകാരം പരസ്യനികുതിയിനത്തിൽ പഞ്ചായത്തിന് വരവ് ലഭിക്കുന്നതിന് വേണ്ടി അടിയന്തിരമായി ബൈലോ മാതൃക തയ്യാറാക്കി പഞ്ചായത്ത്

ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്നതിന് ശുപാർശ ചെയ്തിരിക്കുന്നു. ഇതിന്റെ തുടർനടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 6) ബൈലോ തയ്യാറാക്കിയിട്ടുണ്ടെന്നും 15.03.2017 ലെ IV നമ്പർ തീരുമാന പ്രകാരം കമ്മിറ്റി അംഗീകരിച്ചുട്ടുണ്ടെന്നും എന്നാൽ അംഗീകാരത്തിനായി ഡയറക്ടർക്കു സമർപ്പിച്ചിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിലേക്കായി പഞ്ചായത്തിന്റെ മെല്ലെപ്പോക്ക് ഒഴിവാക്കി അടിയന്തിരമായി ബൈലോയ്ക്ക് അംഗീകാരം നേടി നികുതി പിരിവ് ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭവനനിർമ്മാണം (വിധവ) പദ്ധതി - ഭൂമിയില്ലാത്ത വ്യക്തിക്ക് ധനസഹായം നൽകി

2016-17 സ്പിൽ ഓവർ പദ്ധതിയായ ഭവനനിർമ്മാണം- വിധവകൾക്ക് (പ്രോജക്റ്റ് നം. 56/2017)പ്രകാരം 40,00,000/- രൂപ വികസനഫണ്ട് (ജനറൽ)-ൽ വകയിരുത്തിയിട്ടുള്ളതും തുക ചെലവഴിച്ചിട്ടുള്ളതുമാണ്.

ടി പദ്ധതി പ്രകാരം ശ്രീമതി.പത്മാവതിയമ്മ, പൊയ്കവിള, മുടപുരം എന്നയാൾക്ക് 2,00,000/- രൂപ അഞ്ചു ഗഡുക്കളായി ചുവടെ ചേർക്കും പ്രകാരം കൈമാറിയിട്ടുള്ളതാണ്.

| | തുക | ഡി.ഡി. നം./തീയതി |
|---|---|---|
| 1-ാം ഇൻസ്റ്റാൾമെന്റ് | 20,000/- | 415699/19.10.2015 |
| 2-ാം ഇൻസ്റ്റാൾമെന്റ് | 60,000/- | 688715/27.01.2016 |
| 3-ാം ഇൻസ്റ്റാൾമെന്റ് | 60.000/- | 690870/23.03.2016 |
| 4-ാം ഇൻസ്റ്റാൾമെന്റ് | 40,000/- | 695358/07.04.2016 |
| 5-ാം ഇൻസ്റ്റാൾമെന്റ് | 20,000/- | 697043/06.09.2016 |
| ആകെ | 2,00,000/- | |

രേഖകൾ പരിശോധിച്ചതിൽ നിന്നും ടിയാരി തന്റെ വസ്തു മകന് ഭാഗപത്രം എഴുതി നൽകിയിട്ടുള്ളതാണ്. വസ്തു പ്രമാണം ചെയ്യുന്നതിന് മുമ്പായി കരമടച്ച രസീതും ടി രസീതിന്റെ അടിസ്ഥാനത്തിലുള്ള കൈവശാവകാശ സർട്ടിഫിക്കറ്റുമാണ് ആനുകൂല്യം കൈപ്പറ്റുന്നതിലേക്കായി ഗുണഭോക്താവ് ഹാജരാക്കിയിട്ടുള്ളത്. പ്രമാണവും മറ്റു രേഖകളും വ്യക്തമായി പരിശോധിക്കാതെയാണ് ഇപ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത വ്യക്തിക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നല്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5) നൽകിയ മറുപടി തൃപ്തികരമല്ല.

ഗുണഭോക്താക്കൾ നൽകുന്ന രേഖകൾ വ്യക്തമായി പരിശോധിച്ച് മാത്രം ആനുകൂല്യങ്ങൾ നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കളിൽ നിന്നും 12 വർഷത്തേയ്ക്ക് ക്രയവിക്രയം ചെയ്യുകയില്ലായെന്ന് കരാറും വെയ്പ്പിച്ചിട്ടില്ല.

അപാകതയിന്മേൽ ചെലവ് തുകയായ 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭിക്കുന്നില്ല

2016-17 കാലയളവിൽ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി വിവിധ പദ്ധതികൾ പ്രകാരം 5,80,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 1,13,545/- രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല.

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി (പ്രോജക്ട് നം. 38/2017) പ്രകാരം 5,00,000/- രൂപ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്)-ൽ നിന്നും ഔഷധിക്ക് കൈമാറിയിട്ടുള്ളതാണ്. (ഡി.ഡി നം. 698312 തീയതി. 11.01.2017) ഫയലുകൾ പരിശോധിച്ചതിൽ 4,66,455/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി തുകയായ 33,545/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

ആയുർവേദാശുപത്രിയിൽ സൂതികാരക്ഷ (പ്രോജക്ട് നം. 39/2017) പ്രകാരം 40000/- രൂപ വികസനഫണ്ട് (ജനറൽ)-ൽ നിന്നും ഔഷധിക്ക് കൈമാറിയിട്ടുള്ളതാണ്. (ബിൽ നം. 2/2016-17 തീയതി. 07.03.2017) ഫയലുകൾ പരിശോധിച്ചതിൽ മരുന്നുകൾ ലഭ്യമായിട്ടില്ല. കൂടാതെ ടി തുക ഔഷധിക്ക് കൈമാറിയതായുള്ള ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ആയുർവേദാശുപത്രിയിൽ ജീവിതശൈലീരോഗ ചികിത്സ (പ്രോജക്ട് നം. 40/2017) പ്രകാരം 40000/- രൂപ വികസനഫണ്ട് (ജനറൽ)-ൽ നിന്നും ഔഷധിക്ക് കൈമാറിയിട്ടുള്ളതാണ്. (ബിൽ നം. 3/2016-17 തീയതി. 15.03.2017) ഫയലുകൾ പരിശോധിച്ചതിൽ മരുന്നുകൾ ലഭ്യമായിട്ടില്ല. കൂടാതെ ടി തുക ഔഷധിക്ക് കൈമാറിയതായുള്ള ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ യഥാസമയം ലഭ്യമാക്കാതിരിക്കുന്നത് നിർദ്ധനരായ രോഗികളുടെ ദുരിതം കൂടുതൽ വർദ്ധിപ്പിക്കുമെന്നുള്ളതിനാൽ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-3 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല.

2016-17 കാലയളവിൽ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി (പ്രോജക്ട് നം. 36/2017) പ്രകാരം 150000/-രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുള്ളതാണ്. (ഡി.ഡി നം. 698288 തീയതി. 03.01.2017) ഫയലുകൾ പരിശോധിച്ചതിൽ 31.03.2017 ന് 93310/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂവെന്ന് കാണുന്നു. ബാക്കി തുകയായ 56690/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും (എൻക്വയറി നം. 1) നൽകിയിട്ടില്ല. ആയതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 3-4 അങ്കണവാടികളിലെ THRS വിതരണം - ഗുണമേന്മ ഉറപ്പാക്കപ്പെടുന്നില്ല.

18.12.2010 ലെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ICDS-B3-312/2010 നം കത്ത് പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് ഫുഡ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിലയച്ച് ഗുണമേന്മാ പരിശോധന നടത്തേണ്ടതായുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8) 07.11.2016 ൽ ന്യൂട്രിമിക്സ് ഫുഡ് സാമ്പിളുകൾ ലാബിലേക്കയച്ചിട്ടുണ്ടെന്നും എന്നാൽ റിസൾട്ട് ലഭിച്ചിട്ടില്ലായെന്നും മറുപടി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും രണ്ടുമാസത്തിലൊരിക്കൽ ഗുണമേന്മാ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ലായെന്ന് വ്യക്തമാണ്. ആയതിനാൽ സാമൂഹ്യക്ഷേമ ഡയറക്ടറുടെ ഉത്തരവ് കൃത്യമായി പാലിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 അങ്കണവാടി പോഷകാഹാര പരിപാടി - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കാതെ പട്ടികജാതി ഫണ്ട് വകയിരുത്തി

2016-17 ലെ വാർഷിക പദ്ധതിയിൽ അങ്കണവാടി പോഷകാഹാര പരിപാടിക്ക് പട്ടികജാതി വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് ചെലവ് ചെയ്തിട്ടുണ്ട്. അങ്കണവാടികളിൽ പഠിക്കുന്ന പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിലായിരിക്കണം ജനറൽ, എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ പദ്ധതികൾക്കായി വകയിരുത്തേണ്ടത്. [സ.ഉ(കൈ)നം.4/2016/തസ്വഭവ തീ.11.01.2016 ഖണ്ഡിക 9(i)] ഐ.സി.ഡി.എസ് സൂപ്പർവൈസർ തയ്യാറാക്കിയിട്ടുള്ള ഓരോ വിഭാഗത്തിലെയും കുട്ടികളുടെ എണ്ണവും ശതമാനവും സംബന്ധിച്ച സാക്ഷ്യപത്രം അനിവാര്യമായും പ്രോജക്ടിനോടൊപ്പം സമർപ്പിക്കണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇത്തരമൊരു സാക്ഷ്യപത്രത്തിന്റെ അഭാവത്തിലാണ് പട്ടികജാതി വികസനഫണ്ട് വകയിരുത്തി പോഷകാഹാരത്തിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയത്. സർക്കാർ മാർഗ്ഗരേഖാ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 ഇല്ലാത്ത തസ്തികയിലും ഇല്ലാത്ത ലാബിലും ലാബ് അസിസ്റ്റന്റ്

## തസ്തികയിൽ നിയമനം - **1,54,700/-** രൂപയുടെ ചെലവ് നിരാകരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2016-17 കാലയളവിലെ മിനിട്സ് പരിശോധിച്ചതിൽ 23.01.2016-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. V പ്രകാരം ഗവ.ആയുർവേദ ആശുപത്രി, പി.എച്ച്.സി എന്നിവിടങ്ങളിൽ ഓരോ ലാബ് ടെക്നീഷ്യന്റെ താത്ക്കാലിക ഒഴിവുകളിലേക്ക്, 16.01.2016-ൽ നടത്തിയ ഇന്റർവ്യൂവിൽ ഉയർന്ന മാർക്ക് ലഭിച്ച ശ്രീമതി.ആഷാഭാനുവിനെ (13 മാർക്ക്) പി.എച്ച്.സി യിലും ശ്രീമതി.സഫിയാ വാഹിദിനെ (12 മാർക്ക്) ഗവ.ആയുർവേദ ആശുപത്രിയിലും 179 ദിവസത്തേക്ക് പ്രതിദിനം 350/-രൂപ ശമ്പളത്തിന് നിയമിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി നിയമനങ്ങൾ അംഗീകരിച്ച് തീരുമാനിച്ചു.

ഇത് സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഇതു സംബന്ധിച്ച നാൾവഴികൾ ചുവടെ ചേർക്കുന്നു.

1. 12.11.2013 ലെ GO(Rt) No.3773/2013/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് സജ്ജമാക്കുന്നതിനുള്ള കെട്ടിടത്തിന്റെ അളവും ഉപകരണങ്ങളുടെ ലിസ്റ്റും NRHM മിഷൻ ഡയറക്ടർ പ്രോഗ്രാം ഓഫീസർമാരെ അറിയിക്കുന്നു. ആയതിൽ സജ്ജമാക്കേണ്ടുന്ന ലാബിന്റെ വിസ്തീർണവും ഉപകരണങ്ങളുടെ സ്ഥാനവും അവശ്യാവശ്യമായ വിസ്തീർണവും കണക്കാക്കിയുള്ള സ്കെച്ചും ഉൾപ്പെടുത്തിയിരുന്നു.
2. 13.06.2014ലെ പഞ്ചായത്ത് കമ്മിറ്റിയുടെ IV(10) -ാം നമ്പർ തീരുമാന പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ നിലവിലുള്ള 150 ച.മീറ്ററിൽ ഉള്ള മുറിയിൽ ലാബിന്റെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ NRHM ഡയറക്ടറോട് അഭ്യർത്ഥിക്കുവാനും പ്രസ്തുത ലാബിലേക്കുള്ള ലാബ് ടെക്നീഷ്യനെ നിയമിക്കുവാനും ആദ്യത്തെ ആറുമാസ ശമ്പളവും പശ്ചാത്തല സൗകര്യങ്ങൾക്കുള്ള തുകയും തനതു ഫണ്ടിൽ നിന്ന് നൽകുവാൻ ഐകകണ്ഠേന തീരുമാനിച്ചു.
3. 18.06.2015ൽ മെഡിക്കൽ ഓഫീസർ 376/2015 നമ്പർ കത്ത് പ്രകാരം ലാബിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് അഭ്യർത്ഥിക്കുകയും proposed plan-ന്റെ സ്കെച്ച് സമർപ്പിക്കുകയും ചെയ്തു.
4. 23.01.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. V പ്രകാരം ഗവ.ആയുർവേദ ആശുപത്രി, പി.എച്ച്.സി എന്നിവിടങ്ങളിൽ ഓരോ ലാബ് ടെക്നീഷ്യന്റെ താത്ക്കാലിക ഒഴിവുകളിലേക്ക് 16.01.2016 ൽ നടത്തിയ ഇന്റർവ്യൂവിൽ ഉയർന്ന മാർക്ക് ലഭിച്ച ശ്രീമതി. ആഷാഭാനുവിനെ (13 മാർക്ക്) പി.എച്ച്.സി യിലും ശ്രീമതി.സഫിയാ വാഹിദിനെ (12 മാർക്ക്) ഗവ.ആയുർവേദ ആശുപത്രിയിലും 179 ദിവസത്തേക്ക് പ്രതിദിനം 350/-രൂപ ശമ്പളത്തിന് നിയമിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി നിയമനങ്ങൾ അംഗീകരിച്ച് തീരുമാനിച്ചു.

മേൽപ്പറഞ്ഞ നിയമനം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6) ലാബ് ടെക്നീഷ്യന്റെ ഒഴിവുകൾ സർക്കാർ സൃഷ്ടിച്ചിട്ടില്ലായെന്നും ആയതിലേക്കുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് അയയ്ക്കുന്നതാണെന്നും ചുവടെ ചേർക്കും പ്രകാരം ജീവനക്കാർക്ക് ശമ്പളം നൽകിയിട്ടുള്ളതായും അറിയിച്ചു.

1. ഗവ.ആയുർവേദ ആശുപത്രി

| കാലയളവ് | ശമ്പള മാസം | ജോലി ചെയ്ത ദിവസം | പേര് | നല്കിയ ശമ്പളം | നല്കിയ തീയതി |
|---|---|---|---|---|---|
| 03.03.16 മുതൽ 05.04.16 വരെ | 3/2016 | 11 | ശ്രീമതി.സോഫിയ വാഹിദ് | 4200/- | 30.06.2016 |
| | 4/2016 | 1 | | | |
| 04.07.16 മുതൽ 29.12.16 വരെ | 7/2016 | 26 | ശ്രീമതി. നീഉ.പി.പി | 9100/- | 19.09.2016 |
| | 8/2016 | 27 | | 17850/- | 31.10.2016 |
| | 9/2016 | 24 | | | |
| | 10/2016 | 22 | | 17500/- | 23.12.2016 |
| | 11/2016 | 28 | | | |
| | 12/2016 | 28 | | 9800/- | 13.01.2017 |
| 13.02.17 മുതൽ തുടരുന്നു | 2/2017 | 14 | ശ്രീമതി.സോഫിയ വാഹിദ് | 22750/- | 22.06.2017 |
| | 3/2017 | 27 | | | |
| | 4/2017 | 24 | | | |
| | ആകെ | 232 | ആകെ | 81200/- | |

2. പി.എച്ച്.സി, കിഴവിലം

| കാലയളവ് | ശമ്പള മാസം | ജോലി ചെയ്ത ദിവസം | പേര് | നല്കിയ ശമ്പളം | നല്കിയ തീയതി |
|---|---|---|---|---|---|
| 25.08.16 മുതൽ 19.02.17 വരെ | 8/2016 | 7 | ശ്രീമതി.ബബിത | 11550/- | 31.10.2016 |
| | 9/2016 | 26 | | | |
| | 10/2016 | 29 | | 10150/- | 14.11.2016 |
| | 11/2016 | 26 | | 9100/- | 16.12.2016 |
| | 12/2016 | 29 | | 10150/- | 13.01.2017 |
| | 01/2017 | 29 | | 10150/- | 15.02.2017 |
| | 02/2017 | 16 | | 5600/- | 18.03.2017 |
| 13.03.17 | 03/2017 | 19 | ശ്രീമതി. | 16800/- | 25.05.2017 |

| | | | | | |
|---|---|---|---|---|---|
| മുതൽ തുടരുന്നു | 04/2017 | 29 | നീതു.പി.പി | | |
| | ആകെ | 210 | ആകെ | 73500/- | |

കൂടാതെ സ്ഥലപരിശോധനയിൽ NRHM നിർദ്ദേശിച്ച പ്രകാരമുള്ള ലാബ് സജ്ജമാക്കുകയോ ലാബിലേക്കാവശ്യമായ ഉപകരണങ്ങളോ നാളിതുവരെ ലഭ്യമായില്ലായെന്നും വ്യക്തമായി. കൂടാതെ ഇന്റർവ്യൂ, നിയമനം എന്നിവ സംബന്ധിച്ച ഫയലുകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

ഇപ്രകാരം സജ്ജമാകാത്ത ലാബിലേക്ക് സർക്കാർ അനുമതിയില്ലാതെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി തനതുഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് ശമ്പളം നൽകിയതും ഗുരുതരമായ ക്രമക്കേടാണ്. ആയതിനാൽ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്ക് നാളിതുവരെ ശമ്പളം നൽകിയ 1,54,700/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-7 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ വീഴ്ച – 3,21,65,123/- രൂപയുടെ പ്രോജക്ടുകൾനടപ്പിലാക്കിയില്ല.

2016-17 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിരുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ എണ്ണം | | അടങ്കൽ | നടപ്പാക്കിയത് | | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| പുതിയത് | സ്പിൽ ഓവർ | | പുതിയത് | സ്പിൽ ഓവർ | | |
| 57 | 25 | 45247875 | 19 | 19 | 13082752 | 29% |

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം [സ.ഉ.(കൈ)362/13 /ത.സ്വ.ഭ.വ തീയതി 16.11.2013 ഖണ്ഡിക 11.13 xii(ഇ)] ഒരു സ്പിൽ ഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കാനിരുന്ന 46 പ്രവൃത്തികളിൽ 34,12,000/- രൂപ അടങ്കലുള്ള പ്രവൃത്തികൾ സ്പിൽ ഓവറായിരുന്നു. ടി പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ചതിനുശേഷം യഥാസമയം പ്രവൃത്തി നടത്താതെ കരാർ ലംഘനം നടത്തിയ കരാറുകാരൻ/ കൺവീനർക്കെതിരെ പൊതുമരാമത്ത് മാന്വൽ പ്രകാരം നടപടികൾ കൈക്കൊണ്ടിട്ടില്ല.

പൊതുമരാമത്ത് മേഖലയിൽ ആവിഷ്കരിക്കുന്ന പ്രോജക്ടുകളുടെ ബാഹുല്യവും പ്രവൃത്തികൾ യഥാസമയം പൂർത്തികരിക്കാതിരിക്കുന്നതിന് കാരണമാകുന്നുണ്ട്. പ്രോജക്ട് തയ്യാറാക്കിയതിനു ശേഷം ഉപേക്ഷിക്കുന്നതു മൂലം ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കാനിടവരികയും തൻവർഷം ചെലവഴിക്കേണ്ടിയിരുന്ന തുക ചെലവാക്കാതെ നഷ്ടമാകുന്ന സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്യും. കൂടാതെ ഷെഡ്യൂൾ നിരക്കുകളുടെ പരിഷ്കരണം, കോസ്റ്റ് ഇൻഡക്സിലുണ്ടാകുന്ന വർദ്ധനവ് എന്നിവ മൂലം ഈ പ്രവൃത്തികൾ ഭാവിയിൽ നടപ്പിലാവുമ്പോൾ അധിക തുക ചെലവഴിക്കേണ്ടി വരുന്നതും സ്ഥാപനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കും.

ഈ വിഷയത്തിൽ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതും യഥാസമയം

ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-8 സർവീസ് ടാക്സ് ഈടാക്കിയത് അടവാക്കിയില്ല

2016-17 കാലയളവിൽ ചുവടെ ചേർക്കുന്ന മരാമത്ത് പണികൾക്കായി ചെലവഴിച്ച തുകയിൽ നിന്നും സർവീസ് ടാക്സ് ഈടാക്കിയത് നാളിതുവരെ സർക്കാരിലേക്ക് ഒടുക്കിയില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് / പ്രോജക്ട് നം | അടങ്കൽ | ചെലവ് | സർവീസ് ടാക്സ് ഈടാക്കിയത് |
|---|---|---|---|---|
| 1 | അണ്ടൂർ എൽ.പി.എസ് മെയിന്റനൻസ് (150/17) | 1293200/- | 958653/- | 100659/- |
| 2 | വനിതാ വികസനകേന്ദ്രം മെയിന്റനൻസ് (160/17) | 410000/- | 264505/- | 27773/- |
| ആകെ | | | | 1,28,432/- |

ടി തുക സർക്കാരിൽ ഒടുക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകകരിക്കേണ്ടതാണ്.

## 3-9 റോഡ് സംരക്ഷണ ഗ്രാന്റ് - വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കേവലം 36% തുക മാത്രമാണ് ചെലവഴിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ലഭ്യമായ തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 14447574/- | 5168288/- | 9279286/- | 35.77% |

38പ്രവൃത്തികൾക്കായി 16852564/-രൂപ അടങ്കലുള്ള പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 8പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയത്. ലഭ്യമായ ഫണ്ടിന്റെ മാത്രമേ 35.77% ചെലവഴിക്കാൻ കഴിഞ്ഞുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കുന്ന ഗ്രാന്റ് അതാത് വർഷം തന്നെ ചെലവാക്കുന്നതിനു വേണ്ടിയാണ് അനുവദിക്കുന്നത്. ഇപ്രകാരം അനുവദിക്കുന്ന ഗ്രാന്റ് സമയബന്ധിതമായി ചെലവാക്കാതെ ലാപ്സാക്കുന്നത് ഉചിതമല്ല. ആയതിനാൽ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധക്ഷണിക്കുന്നു.

## 3-10 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 59 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 2,04,29,793/- രൂപ നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ചെലവഴിച്ച തുക | നഷ്ടമായതുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 17272199 | 13364361 | 3907838 |
| വികസനഫണ്ട് എസ്.സി.പി. | 12358161 | 9496044 | 2862117 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 14447574 | 5168288 | 9279286 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 3958767 | 3896831 | 61936 |
| 13th CFCഗ്രാന്റ് | 8269329 | 2334313 | 5935016 |
| പെർഫോർമൻസ് ഗ്രാന്റ് (കേന്ദ്ര വിഹിതം) | 6903822 | 707023 | 6196799 |
| ആകെ | 63209852 | 34966860 | 29383441 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി

ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 എസ്.സി.പി. ഫണ്ട് വിനിയോഗത്തിൽ മാർഗ്ഗരേഖാ ലംഘനം

റോഡ് പണികൾക്കായി എസ്.സി.പി. ഫണ്ട് വിനിയോഗിക്കുമ്പോൾ പട്ടികജാതി കോളനികൾക്കുള്ളിലെ റോഡുകൾക്കു മാത്രമായി പരിമിതപ്പെടുത്തണമെന്നും കോളനികളിലേക്കുള്ള റോഡുകൾക്കു ജനറൽ ഫണ്ട് വിനിയോഗിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ [സ.ഉ.(കൈ) നം.362/13/തസ്വഭവ തീ.16.11.2013 ഖണ്ഡിക 9(3)] നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം നിർവ്വഹിച്ചിട്ടുള്ള റോഡ് പ്രവൃത്തികൾ കോളനികൾക്കുള്ളിലുള്ളവയല്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് /പ്രോജക്റ്റ് നം. | അടങ്കൽ | ചെലവ് | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | കുഴിയറ റോഡ് കോൺക്രീറ്റിംഗ് & പാർശ്വഭിത്തി നിർമ്മാണം (SO 012/17) | 210000/- | 175475/- | 1301159 dt.19.03.2017 |
| 2 | വൈദ്യൻമുക്ക് വലിയതോട് മേൽപ്പാലം - നെട്ടാണിക്കോണം ആണ്ടൂർകുളം റോഡ് (33/17) | 446000/- | 374306/- | 21601129 dt.21.03.2017 |
| 3 | ഡീസന്റ് മുക്ക് - കുണ്ടവീട് കാടായിക്കോണം റോഡ് റീടാറിംഗ് (SO138/17) | 300000/- | 236931/- | 1301186 dt.22.03.2017 |
| 4 | വെള്ളൂർക്കോണം | 333000/- | 284326/- | 1301222 |

| | | | | |
|---|---|---|---|---|
| | ക്ഷേത്രം - കരിങ്കോട്ട് റോഡ് കോൺക്രീറ്റിംഗ് (SO148/17) | | | dt.29.03.2017 |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതോടൊപ്പം മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ഫണ്ട് വിനിയോഗം പരിമിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല

പഞ്ചായത്ത് രാജ് നിയമത്തിലെ 272(എ) വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ സേവനങ്ങളും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച ഒരു രൂപരേഖ തയ്യാറാക്കി പൗരാവകാശരേഖ എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.പൗരാവകാശരേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ 2004 ൽ പൗരാവകാശരേഖ തയ്യാറാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ ചട്ടം 3 പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ട ശേഷം കഴിയുന്നതും വേഗം എന്നാൽ 6 മാസത്തിനുള്ളിൽ കവിയാത്ത കാലയളവിൽ പഞ്ചായത്ത് യോഗം ചേർന്ന് പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് എന്തെല്ലാം സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ കഴിയുമെന്നും അത്തരം ഒരു സേവനം ലഭ്യമാക്കുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയ പരിധി എത്രയാണെന്നും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.ചട്ടം 4 പ്രകാരം പഞ്ചായത്ത് തയ്യാറാക്കുന്ന പൗരാവകാശരേഖ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റു നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തേണ്ടതും അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ നിലവിലെ ഭരണസമിതി ഒന്നരവർഷം പിന്നിട്ടുവെങ്കിലും നാളിതുവരെ കരട് മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്. നിയമത്തിന്റെയും ചട്ടത്തിന്റെയും ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല.

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 1,50,000/-വകയിരുത്തിയതിൽ 32,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ ആറ് യു.പി. സ്കൂളുകളിൽ പഠിക്കുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന 32 വിദ്യാർത്ഥികൾക്ക് 1,000/-രൂപ വീതമാണ് നൽകിയിട്ടുള്ളത്. എന്നാൽ പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200/- രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5,300/- രൂപ മുതൽ 19,500/- രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത

നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ഇത്തരം പദ്ധതികൾ സംയുക്ത പ്രോജക്ടുകളായി നടപ്പിലാക്കുന്നതിനും ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനും അർഹമായ നിരക്കിൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 വിമുക്തി പദ്ധതിയ്ക്കായി ലഭിച്ച തുക ചെലവഴിച്ചിട്ടില്ല

പുകയില, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണ ക്യാമ്പുകളും സാമൂഹ്യ പ്രസക്തിയുള്ള പരിപാടികളും സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പ് രൂപം കൊടുത്ത 'വിമുക്തി' പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭിച്ച 25,000/- രൂപ നാളിതുവരെയും ചെലവഴിച്ചിട്ടില്ല. തുക റ്റി.എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ലഹരിയുടെ വിപത്തിനെ ചെറുക്കുന്നതിനും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള ഈ പദ്ധതി ഒരു ഉത്തരവാദിത്തമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-15 തനതുഫണ്ടിൽ അവശേഷിക്കുന്ന മറ്റ് ഫണ്ടുകൾ

വിവിധ പദ്ധതികളുടെ പഞ്ചായത്തുതല നടത്തിപ്പിനായി കേന്ദ്ര -സംസ്ഥാന സർക്കാരുകളും വിവിധ ഏജൻസികളും നൽകിയ രൂപ പ്രസ്തുത ആവശ്യങ്ങൾക്ക് വിനിയോഗിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. (B-4 Schedule പ്രകാരമുള്ളത്) വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി | അവശേഷിക്കുന്ന തുക |
|---|---|---|
| 1 | എസ്.എസ്.എ | 12,40,000/- |
| 2 | ഐ.സി.ഡി.എസ്. | 934,236/- |
| 3 | കൊയ്ത്ത്മെതിയന്ത്രം വാങ്ങാൻ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വിഹിതം | 13,00,000/- |
| 4 | സാക്ഷരതാ ഗ്രാന്റ് | 46,415/- |
| 5 | കേരളോത്സവം | 3880/- |

| | | |
|---|---|---|
| 6 | വിമുക്തി ഫണ്ട് | 25000/- |
| 7 | സംയുക്ത പ്രോജക്റ്റ് നടപ്പിലാക്കുവാൻ ലഭിച്ച ബ്ലോക്ക് വിഹിതം . | 440142/- |
| 8 | ഗുണഭോക്തൃ വിഹിതം | 63833/- |

വിവിധ ആവശ്യങ്ങൾക്കായി ലഭിച്ച തുകകൾ ആയതിനായി ഉപയോഗിക്കേണ്ടതാണ്.

## 3-16 മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുക തിരികെ ഈടാക്കിയിട്ടില്ല

മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി തൻവർഷം തനത് ഫണ്ടിൽ നിന്നും 1,58,400/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം: | വൗച്ചർ നം:/ തീയതി | തുക(രൂപ) |
|---|---|---|---|
| 1. | II | 21600226/28.06.16<br>21601142/22.03.17 | 9600/-<br>400/- |
| 2. | V | 21600640/15.11.16 | 10000/- |
| 3. | VI | 21600277/12.07.16<br>21600878/30.01.17 | 9600/-<br>200/- |
| 4. | VII | 21600320/25.07.16 | 9600/- |
| 5. | VIII | 21600381/22.08.16<br>21600500/26.09.16<br>21601110/18.03.17 | 5200/-<br>2400/-<br>2400/- |

| | | | |
|---|---|---|---|
| 6. | IX | 21600188/13.06.16 | 10000/- |
| 7. | X | 21600501/26.09.16 | 9200/- |
| 8. | XI | 21600136/24.05.16<br>21600327/25.07.16 | 8000/-<br>2000/- |
| 9. | XII | 21600499/26.09.16<br>21600877/30.01.17 | 8400/-<br>1600/- |
| 10. | XIII | 21600276/12.07.16 | 10000/- |
| 11. | XIV | 21600280/12.07.16 | 10000/- |
| 12. | XVI | 21600275/12.07.16 | 10000/- |
| 13. | XVII | 21600597/31.10.16 | 10000/- |
| 14. | XVIII | 21600278/12.07.16 | 10000/- |
| 15. | XIX | 21600270/11.07.16<br>21600841/17.01.17 | 9600/-<br>200/- |
| 16. | XX | 21600279/12.07.16 | 10000/- |
| | | ആകെ | 1,58,400/- |

പ്രസ്തുത തുക നാളിതുവരെയും ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. മഴക്കാലപൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി ചെലവഴിച്ച തുക ശുചിത്വമിഷനിൽ നിന്നും തിരിക ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-17 വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക

## തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി പിൻവലിച്ച തുക കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂ.എ എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം./ പേര് | അടങ്കൽ തുക(രൂപ)/ ഫണ്ടിനം | ചെലവ് തുക (രൂപ) | ബിൽ നം./ തീയതി | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | SO176/17<br>കുടിവെള്ള ടാപ്പ് മാറ്റി സ്ഥാപിക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 100000/-<br>(വി.ഫ.) | 90955/- | 22/13.03.17<br>25/23.03.17 | കെ.ഡബ്ല്യൂ.എ | കെ.ഡബ്ല്യൂ.എ യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. |
| 2. | SO177/17<br>സമ്പൂർണ്ണ വൈദ്യുതീകരണം. | 80000/-<br>(വി.ഫ.ജനറൽ) | 40000/- | 28/22.03.17 | കെ.എസ്. ഇ.ബി. | കെ.എസ്. ഇ.ബി. യുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.<br>വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 130955/- | | | |

ജി.ഒ.(എം.എസ്)4/16 ത.സ്വ.ഭ.വ 11.01.16 ഖ.X പ്രകാരം മുൻകൂർ തുക നൽകുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ K.W.A/K.S.E.B/G.W.D യുമായി തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ തുക ഡെപ്പോസിറ്റ് ചെയ്യാവൂ.

## 3-18 തനത്ഫണ്ട് ചെലവ് -തുക തടസ്സപ്പെടുത്തുന്നു.

തൻവർഷം വിവിധ പ്രവൃത്തികൾക്കായി തനത് ഫണ്ടിൽ നിന്നും 36355/-രൂപ കെ.ഡബ്ല്യൂ.എ . ആറ്റിങ്ങലിൽ നിക്ഷേപിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തീയതി | ഇനം | തുക ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | തുക(രൂപ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 21600124/ 11.05.16 | കിഴവിലം ജി.യു.പി.എസ്സിൽ കുടിവെള്ളക്കിണർ സ്ഥാപിക്കുന്നതിന് നൽകിയത്. | കെ.ഡബ്ല്യൂ.എ ആറ്റിങ്ങൽ | 13400/- |
| 2. | 21600475/ 09.09.16 | CWSS-വക്കം മുതൽ അഞ്ചുതെങ്ങ് വരെ സ്ട്രീറ്റ് ഫൗണ്ടേഷൻ സ്ഥാപിക്കുന്നതിന് നൽകിയത്. | കെ.ഡബ്ല്യൂ.എ ആറ്റിങ്ങൽ | 13323/- |
| 3. | 21600847/ 19.01.17 | കട്ടുവാക്കര കുന്ന് പൊതുടാപ്പ് മാറ്റി സ്ഥാപിക്കുന്നതിന് നൽകിയത്. | കെ.ഡബ്ല്യൂ.എ ആറ്റിങ്ങൽ | 4488/- |
| 4. | 21600957/ 15.02.17 | കിഴവിലം അരികത്തുവാർ പൊതുടാപ്പ് സ്ഥാപിക്കുന്നതിന് നൽകിയത് | കെ.ഡബ്ല്യൂ.എ ആറ്റിങ്ങൽ | 5144/- |

പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യ പത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. പൂർത്തീകരണസാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 36,355/-രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-19 നിറച്ച ഗ്രോബാഗ് -കുരുമുളക് വള്ളികൾ എന്നിവ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല തുക തടസ്സപ്പെടുത്തുന്നു.

1. പ്രോജക്റ്റ് നം : SO041/17

പേര് : മട്ടുപ്പാവിൽ പച്ചക്കറി കൃഷി

അടങ്കൽ തുക : 300000/-

ചെലവ് തുക : 278000/-

ഫണ്ടിനം : വി.ഫ.(ജനറൽ)

ബിൽ നം/തീയതി : K.B.K.-6/06/25.03.17

ഗ്രാമസഭ തെരഞ്ഞെടുക്കുന്ന 10 സെന്റെങ്കിലും സ്വന്തമായുള്ള കർഷകരാണ് ഗുണഭോക്താക്കൾ. 25ഗ്രോ ബാഗുകൾ, 50 Kg ജൈവ വളം, 125പച്ചക്കറി തൈകൾ എന്നിവ ഉൾപ്പെടുന്നതാണ് ഒരു യൂണിറ്റ്. ഇപ്രകാരം 150 യൂണിറ്റുകൾ വിതരണം ചെയ്യാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്.

പ്രോജക്റ്റ് നിർവഹണത്തിനായി വികസനഫണ്ടിൽ നിന്നും പിൻവലിച്ച 2,08,500/- രൂപയും ഗുണഭോക്തൃവിഹിതമായ 69,500/- രൂപയും തൊഴിൽസേനയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. 2000/- രൂപ നിരക്കിൽ 139 യൂണിറ്റുകൾക്കുള്ള തുകയാണ് നൽകിയത്.

2. പ്രോജക്റ്റ് നം : SO159/17

പേര് : കുരുമുളക് കൃഷി വികസനം

അടങ്കൽ തുക : 407000/-

ചെലവ് തുക : 155400/-

ഫണ്ടിനം : വി.ഫ.(ജനറൽ)

ബിൽ നം/തീയതി : K.B.K.-8/07/25.03.17

ഗ്രാമസഭ തെരഞ്ഞെടുക്കുന്ന 5 സെന്റെങ്കിലും കൃഷിഭൂമി സ്വന്തമായുള്ള കർഷകരായിരിക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. രേഖകൾ പ്രകാരം 4200 Kg വേപ്പിൻ പിണ്ണാക്കും 8400 കുരുമുളക് തൈകളും വാങ്ങുന്നതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 1,55,400/- രൂപ നൽകിയിട്ടുണ്ട്.

ക്രമ നം.1-ലെ പ്രോജക്ടിനായി 139 ഗുണഭോക്താക്കളിൽ നിന്നും 500/-രൂപ നിരക്കിൽ 69500/- രൂപയും (ചെക്ക് നം:2368518/21.03.17) ക്രമ നം. 2 ലെ പ്രോജക്ടിനായി 168 ഗുണഭോക്താക്കളിൽ നിന്നും 232/- നിരക്കിൽ 38976/-രൂപയും (ചെക്ക് നം:2368976/21.03.17)ഈടാക്കിയിട്ടുണ്ട്.

നാളിതുവരെയും ഗ്രോബാഗ്, നടീൽ വസ്തുക്കൾ, വളം എന്നിവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം :11) മറുപടിയിൽ ടി പദ്ധതിയിലെ ഗുണഭോക്തൃവിഹിതം 2017മാർച്ച് പകുതിയോടെ മാത്രമാണ് പഞ്ചായത്തിൽ അടച്ചതെന്നും ഏപ്രിൽ, മെയ് മാസങ്ങളിലെ വരൾച്ചയും ജലക്ഷാമവും കൃഷിയെയും ജനജീവിതത്തെയും ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ ഗ്രോബാഗ്, നടീൽ വസ്തുക്കൾ, വളം എന്നിവ നൽകിയാൽ പദ്ധതി കൊണ്ടുദ്ദേശിച്ച ഗുണം കർഷകർക്ക് ലഭിക്കുകയില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മഴ ആരംഭിച്ചതിന് ശേഷം മാത്രമാണ് ഗ്രോബാഗുകൾ തയ്യാറാക്കി വിതരണം ആരംഭിച്ചതെന്നും നിലവിൽ ഗ്രോബാഗിന്റെയും, കുരുമുളക്

വള്ളിയുടെയും വിതരണം നടന്നു കൊണ്ടിരിക്കുകയാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഓഡിറ്റ് തീയതി വരെയും നടീൽ വസ്തുക്കളുടെ വിതരണം പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രസ്താവിച്ചിരിക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച 4,33,400/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മുഴുവൻ ഗുണഭോക്താക്കൾക്കും ഗ്രോബാഗ്, നടീൽ വസ്തുക്കൾ, വളം എന്നിവ വിതരണം ചെയ്തശേഷം ആയതിന്റെ വിതരണ- കൈപ്പറ്റ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-20 ടില്ലറുകളുടെ വരവ് ചെലവ് കണക്കുകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം : S0055/17

പേര് : പാടശേഖരസമിതികൾക്ക് യന്ത്രോപകരണങ്ങൾ

അടങ്കൽ തുക : 400000/-

ചെലവ് തുക : 347445/-/-

ഫണ്ടിനം : വി.ഫ(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം/തീയതി: 01/21.02.17

പ്രോജക്ട് പ്രകാരം അഗ്രോ മെഷിനറി കോർപ്പറേഷനിൽ നിന്നും രണ്ട് ടില്ലറുകൾ വാങ്ങി വലിയ ചിറ ഏലാ പാടശേഖരസമിതി (രജി നം:774/95), കിഴുവിലം ഏലാ പാടശേഖരസമിതി (രജി.നം:7882)എന്നിവയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്.

പാടശേഖരസമിതികൾ ടില്ലറുകളുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയ ക്യാഷ് ബുക്ക് പരിപാലിച്ചിട്ടില്ല. (കിഴുവിലം ഏലാ പാടശേഖരസമിതി ക്യാഷ് ബുക്ക് ഹാജരാക്കിയെങ്കിലും ആയതിൽ ടില്ലറിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. വലിയ ചിറ ഏലാ പാടശേഖരസമിതി ക്യാഷ്ബുക്ക് ഹാജരാക്കിയിട്ടില്ല.) വരവ് ചെലവ് കണക്കു കളുടെ അഭാവത്തിൽ ചെലവ് തുക347445/- തടസ്സപ്പെടുത്തുന്നു.

ടില്ലറുകളുടെയും വരവ് ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയ ക്യാഷ്ബുക്ക് പരിശോധനയ്ക്കായി ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-21 തണൽ പദ്ധതിയുടെ തുക ബാങ്ക് അക്കൗണ്ടിൽ മരവിപ്പിച്ച നിലയിൽ

22.12.2016 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം. 5 പ്രകാരം തണൽ പദ്ധതി പ്രകാരം രണ്ട് ലക്ഷത്തിൽ പരം രൂപ വി.ഇ.ഒ യുടെ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നതായും ഇതു സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായി ചെയർപേഴ്സൺ ശ്രീമതി.താരാതങ്കൻ.എ.ആർ അറിയിച്ചു. വിഷയത്തിൽ വി.ഇ.ഒ യ്ക്ക് ഒരു കത്ത് നൽകി വിഷയത്തിൽ വ്യക്തതവരുത്തുവാൻ തീരുമാനിച്ചു.

വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6)

പ്രസതുത അക്കൗണ്ട് സംബന്ധിച്ച പാസ്ബുക്കോ അക്കൗണ്ട് നമ്പരോ അറിയാത്തതിനാൽ ബാങ്കിൽ നിന്നും വിവരങ്ങൾ ശേഖരിക്കുവാൻ കഴിയുന്നില്ല എന്ന് വി.ഇ.ഒ വാക്കാൽ അറിയിക്കുകയല്ലാതെ രേഖാമൂലം മറുപടി നൽകിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. തുടരന്വേഷണത്തിൽ ഫെഡറൽ ബാങ്കിന്റെ കിഴുവിലം ശാഖയിൽ (അക്കൗണ്ട് നം. 12960200001098) 185040/- രൂപ അക്കൗണ്ടിൽ ഉണ്ടെന്നും പത്ത് വർഷത്തിലേറെയായി ക്രയവിക്രയം നടക്കാത്തതിനാൽ ടി അക്കൗണ്ട് മരവിപ്പിച്ചിരിക്കുകയാണെന്നും അറിയുന്നു. ആയതിനാൽ ടി അക്കൗണ്ട് പുനരുജ്ജീവിപ്പിച്ച് പലിശ സഹിതം തുക വീണ്ടെടുക്കുന്നതിനുള്ള സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-22 തണൽ പദ്ധതി രണ്ടാംഘട്ടം- 21ലക്ഷം ജില്ലാ പഞ്ചായത്ത് ഫണ്ടിൽ കിടക്കുന്നു.

24.02.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. VII (8) പ്രകാരം തണൽ പദ്ധതിയുടെ രണ്ടാംഘട്ട വായ്പ ലഭ്യമാകാത്തതിനാലും പദ്ധതി അവസാനിപ്പിച്ചതുമായ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ രണ്ടാംഘട്ടത്തിനു വേണ്ടി ഗ്രാമപഞ്ചായത്ത് ഒടുക്കിയ 21 ലക്ഷം രൂപ തിരികെ ഈടാക്കുന്നതിന് നിയമാനുസൃത നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചു.

വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.6) വി.ഇ.ഒ യിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 24.02.2016 ൽ ജനറൽ കമ്മിറ്റിയെടുത്ത തീരുമാനത്തിന്മേൽ ഓഡിറ്റ് സമയംവരെയും നടപടിയുണ്ടാകാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ വിഷയത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - നാളിതുവരെ നടപടിയുണ്ടാകുന്നില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് എക്യുപ്പ്മെന്റുകൾ സ്ഥാപിക്കുന്നതിലേക്കായി 2012-13 കാലയളവിൽ 4,50,000/- രൂപ ചിറയിൻകീഴ് KSEB യിൽ ഒടുക്കിയിരുന്നെങ്കിലും നാളിതുവരെ മീറ്റർ സ്ഥാപിക്കൽ നടപ്പായില്ല. 08.01.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. III (2) പ്രകാരം വിഷയം KSEB ചെയർമാൻ, അസി.എക്സി, എഞ്ചിനീയർ എന്നിവരെ അറിയിക്കുന്നതിന് തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 21.01.2016 ന് കെ.എസ്.ഇ.ബി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, അസി.എക്സി.എഞ്ചിനീയർ, ആറ്റിങ്ങൽ എന്നിവർക്ക് കമ്മിറ്റി തീരുമാനം അയച്ചുവെന്നും തുടർന്ന് 04.08.2016 നും 11.08.2016 നും കത്ത് നൽകിയെന്നും ഓഡിറ്റ് അന്വേഷണത്തിന് (നം.6) മറുപടി നല്കിയിട്ടുണ്ട്. എന്നിരിക്കിലും ഓഡിറ്റ് സമയംവരെയും മീറ്റർ സ്ഥാപിക്കൽ നടന്നിട്ടില്ല. ആയതിനാൽ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 3-24 ആസ്തി തിട്ടപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടികളില്ല.

17.08.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. IV (13) പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന പഞ്ചായത്ത് വക ഭൂമി കൈയ്യേറിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിന് വേണ്ടി അളന്ന് തിട്ടപ്പെടുത്താൻ വില്ലേജ് ഓഫീസറോട് യോഗം അഭ്യർത്ഥിച്ച് തീരുമാനിച്ചു.

i) അഞ്ചാം വാർഡിലെ ജി.വി.ആർ.എം. യു.പി.എസ്സിന് സമീപമുള്ള 40 സെന്റ് ഭൂമി.

ii) ഒമ്പതാം വാർഡിലെ നൈനാംകോണം കോളനിക്കകത്തുള്ള 40 സെന്റ് ഭൂമി.

iii) ഒമ്പതാം വാർഡിലെ നൈനാംകോണം പാമ്പാട്ട് നട ഭാഗത്ത് റോഡ് സൈഡിലുള്ള 50 സെന്റ് ഭൂമി.

മേൽപ്പറഞ്ഞ ഭൂമി അളന്ന് തിട്ടപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞപ്പോൾ (നം.10) തുടർനടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും ജി.വി.ആർ.എം. യു.പി.എസ്സിന് സമീപം 40 സെന്റ് ഭൂമിയുള്ളതായി പഞ്ചായത്ത് രേഖകളിലില്ല എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്റർ അപൂർണ്ണമാണെന്ന് കണ്ടു. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിലേക്കായി അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയറുടെ സേവനം പ്രയോജനപ്പെടുത്താമെന്ന് സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ആയതിന് പഞ്ചായത്ത് ശ്രമിച്ചിട്ടില്ല. ഇതിൽ നിന്നും പഞ്ചായത്തിന്റെ ആസ്തികളുടെ വ്യക്തമായ കണക്കുകളും രേഖകളും പരിപാലിക്കുന്നതിനും ആസ്തി സംരക്ഷിക്കുന്നതിനും പഞ്ചായത്ത് യാതൊരു ശ്രുഷ്കാന്തിയും കാണിക്കുന്നില്ലായെന്ന് വ്യക്തമാണ്. ആയതിനാൽ ആസ്തികളുടെ നിർണ്ണയത്തിനും സംരക്ഷണത്തിനും പ്രത്യേക പരിഗണന നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 പൂർണതോതിൽ ഉപയോഗിക്കാതെ കെട്ടിടങ്ങൾ

ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ 2009-10 കാലയളവിൽ 4 മുറികളുള്ള കെട്ടിടം ജില്ലാപഞ്ചായത്ത് നിർമ്മിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിന്റെ ഒരു മുറിയിൽ 2010 മുതൽ വനിതാ വികസനകേന്ദ്രവും മറ്റൊരു മുറിയിൽ ജനകീയ ലബോറട്ടറിയും പ്രവർത്തിച്ചിരുന്നതും 2012-ൽ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ ജനകീയ ലബോറട്ടറി പ്രവർത്തിച്ചിരുന്ന മുറിയിൽ ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ കെട്ടിടത്തിനു സമീപത്തായി ഷോപ്പിംഗ് കോംപ്ലക്സുമുണ്ട്. ഈ കെട്ടിടങ്ങൾ നാളിതുവരെ പൂർണതോതിൽ വാടകയ്ക്ക് നൽകുകയോ മറ്റു രീതികളിൽ ഉപയോഗപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തതാണ്. ഗ്രാമപഞ്ചായത്തു വളപ്പിലുള്ള ഈ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കവെ ടി കെട്ടിടങ്ങളുടെ സാധ്യത പരിഗണിക്കാതെയാണ് 2016-17 ൽ ഗ്രാമപഞ്ചായത്ത് 38,00,000/- രൂപ വകയിരുത്തി മൃഗാശുപത്രി കെട്ടിടം നിർമ്മിക്കുന്നത്. പഞ്ചായത്തിന്റെ ദീർഘ വീക്ഷണമില്ലായ്മയാണ് ഈ അധിക ചെലവിന് പ്രധാനകാരണമായിട്ടുള്ളത്. മേൽ തുക ജനോപകാര പ്രദമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വിനിയോഗിക്കാമായിരുന്നു.

ആയതിനാൽ ദീർഘവീക്ഷണത്തോടെ പ്രവർത്തിച്ച് ദുർവ്യയം ഒഴിവാക്കുവാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-26 വനിതാവികസന കേന്ദ്രം - വരവ് ചെലവ് രേഖകളില്ല

ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ വനിതകളുടെ ഉന്നമനത്തിനായി 2010 ലാണ് വനിതാ വികസനകേന്ദ്രം ആരംഭിച്ചത്. ടി കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഫർണിച്ചറുകൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, ലൈബ്രറി എന്നിവ സജ്ജമാക്കിയിരുന്നു. ഫോട്ടോസ്റ്റാറ്റ് എടുത്തു നൽകുന്നതിൽ നിന്നു കിട്ടുന്ന തുകയായിരുന്നു ടി കേന്ദ്രത്തിന്റെ പ്രധാന വരുമാനം. കൂടാതെ പി.എസ്.സി പരീക്ഷകൾക്കുള്ള കോച്ചിംഗും വനിതാവികസന കേന്ദ്രത്തിൽ നടത്തിയിരുന്നു. കൂടാതെ ലൈബ്രറിയിലെ പുസ്തകങ്ങൾ കോച്ചിംഗിനെത്തുന്നവർ ഉപയോഗപ്പെടുത്തിയിരുന്നു.വികസനകേന്ദ്രത്തിന്റെ വരവ് പഞ്ചായത്ത് പ്രസിഡന്റിന്റെയും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും പേരിൽ കിഴവിലം സർവീസ് സഹകരണ ബാങ്കിലാണ് നിക്ഷേപിച്ചിരുന്നത്.

17.08.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. IV (10) പ്രകാരം വനിതാ വികസനകേന്ദ്രവുമായി ബന്ധപ്പെട്ട് കിഴവിലം സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്കിൽ നിലവിലുള്ള 10983 -ാം നമ്പർ അക്കൗണ്ട് പഞ്ചായത്ത് പ്രസിഡന്റിന്റെയും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് ആയതിനാൽ ടി അക്കൗണ്ടിന്റെ ക്രയവിക്രയങ്ങൾക്കു വേണ്ടി നിലവിലുള്ള പ്രസിഡന്റിന്റെയും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെയും പേരിൽ നിലനിർത്താനുള്ള നടപടി സ്വീകരിക്കുന്നതിന് ബാങ്ക് അധികാരികളോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു. കൂടാതെ 12.08.2016 ലെ തീരുമാനം നം. I (3) പ്രകാരം വനിതാ വികസനകേന്ദ്രം തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള മേൽനോട്ടം വഹിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളായ ശ്രീമതി.രേഖ, ശ്രീമതി. ശ്യാമള എന്നിവരെ ചുമതലപ്പെടുത്തി പ്രസ്തുത ആവശ്യത്തിലേക്ക് പുതിയ കമ്മിറ്റി രൂപീകരിച്ച് തീരുമാനിച്ചു.

പ്രസ്തുത വിഷയത്തിന്മേൽ സ്വികരിച്ച നടപടികൾ, അക്കൗണ്ട്സ്, അനുബന്ധ രേഖകൾ എന്നിവ ആവശ്യപ്പെട്ടുള്ള അന്വേഷണത്തിൽ (നം. 9 &10) ഐ.സി.ഡി.എസ് സൂപ്പർവൈസർ പാസ്ബുക്ക് ഹാജരാക്കിയെങ്കിലും മറ്റുരേഖകൾ ലഭിച്ചിട്ടില്ലായെന്നും അറിയിച്ചു. ടി പാസ്ബുക്ക് പരിശോധിച്ചതിൽ 2012 ൽ കേന്ദ്രത്തിന്റെ പ്രവർത്തനം നിലക്കുമ്പോൾ 1,00,147/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നതായും 20.03.2014 ൽ 8000/- രൂപയും 17.06.2014 ൽ 4000/- രൂപയും പിൻവലിച്ചിട്ടുള്ളതായി കാണുന്നു. വികസനകേന്ദ്രത്തിന്റെ വരവ് - ചെലവ് കണക്കുകൾ ലഭ്യമല്ലാത്തതിനാൽ പിൻവലിക്കലിന്റെ വിശദാംശം മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം വനിതാവികസന കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി മെമ്പർമാരുടെ കമ്മിറ്റി രൂപീകരിച്ചെങ്കിലും ആയത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ അതിലേക്കായി റിപ്പോർട്ട് തയ്യാറാക്കി കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുകയോ ചെയ്തിട്ടില്ല. നിലവിൽ വനിതാവികസന കേന്ദ്രത്തിലുണ്ടായിരുന്ന ഫോട്ടോസ്റ്റാറ്റ് മെഷീൻ പഞ്ചായത്ത് ഓഫീസിലേക്ക് മാറ്റി സ്ഥാപിച്ചു. ലൈബ്രറിയിലുണ്ടായിരുന്ന വിതരണം ചെയ്ത പുസ്തകങ്ങൾ നാളിതുവരെ തിരികെ ലഭിച്ചിട്ടുമില്ല. ആയതിനാൽ വനിതാവികസന കേന്ദ്രവുമായി ബന്ധപ്പട്ട രേഖകൾ അത് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥയുടെ പക്കൽ നിന്നും അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ എത്തിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-27 പഞ്ചായത്തിന്റേയും കൃഷി ഓഫീസറുടേയും അധീനതയിലുള്ള

## കാർഷിക ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നു.

17.08.2016 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. IV (13) പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിലെ കൃഷി ഭവനിൽ കൃഷിയുടെ ഉപയോഗത്തിനായി നിരവധി ഉപകരണങ്ങൾ പാടശേഖര സമിതി, തൊഴിൽ സേന എന്നിവർക്ക് കൈമാറിയിട്ടുള്ളതും കൂടാതെ ഏതാനും ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നതായും വികസന സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും പ്രസ്തുത എല്ലാ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുന്നതിനുമുള്ള വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുകയും കൃഷി ആവശ്യത്തിനുവേണ്ടി കൃഷി ഭവൻ മുഖേന നൽകിയിട്ടുള്ള എല്ലാ ഉപകരണങ്ങളുടെയും വിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ അടിയന്തിരമായി തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിന് കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ലായെന്നും കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി നൽകി.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കാർഷിക തൊഴിൽ സേനയുടെ പ്രവർത്തനം, കൈമാറിയിട്ടുള്ള കാർഷിക ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ആരാഞ്ഞപ്പോൾ കാർഷിക ഉപകരണങ്ങൾ തൊഴിൽസേനയ്ക്ക് കൈമാറിയിട്ടില്ലായെന്നും തൊഴിൽസേന കൃഷിഭവനു കീഴിലല്ല പ്രവർത്തിക്കുന്നതെന്നും കൃഷി ഓഫീസർ അറിയിച്ചു.

ഗ്രാമപഞ്ചായത്തിന്റെ വാഹനഷെഡിൽ ധാരാളം കാർഷിക ഉപകരണങ്ങളായ ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയെന്ത്രം, നെല്ലും പതിരും വേർതിരിക്കുന്നതിനുള്ള യന്ത്രം, പമ്പുസെറ്റുകൾ, മൺവെട്ടി, തെങ്ങുകയറ്റ യന്ത്രം തുടങ്ങിയവ തുരുമ്പെടുത്ത് നശിക്കുകയാണ്.

മേൽപ്പറഞ്ഞ ഉപകരണങ്ങളെ സംബന്ധിച്ച യാതൊരു കണക്കുകളും പഞ്ചായത്തിന്റെയോ കൃഷി ഓഫീസറുടെയോ പക്കൽ ഇല്ല. പഞ്ചായത്തു കമ്മിറ്റി ആവശ്യപ്പെട്ടിട്ടും ആസ്തി രജിസ്റ്റർ തയ്യാറാക്കാതിരിക്കുന്നതും ഉപയോഗശൂന്യമായവ ലേലം ചെയ്യുന്നതിനും നാളിതുവരെ നടപടി ഉണ്ടാകാത്തത് ആശാസ്യമല്ല. ആയതിനാൽ കാർഷിക ഉപകരണങ്ങളുടെ ആസ്തി അടിയന്തിരമായി കണക്കാക്കേണ്ടതും ഉപയോഗശൂന്യമായവ സർവേ റിപ്പോർട്ടിൻ പ്രകാരം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-28 ആശ്രയപദ്ധതി - ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ ആശ്രയപദ്ധതി ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നിവയിൽ മാത്രമൊതുങ്ങി. നിലവിൽ ഒന്നാംഘട്ട പദ്ധതിയാണ് നടപ്പാക്കിവരുന്നത്. 2007-10 വർഷത്തേയ്ക്ക് അംഗീകാരം ലഭിച്ചത് പദ്ധതിയുടെ വിവരവും ധനകാര്യവിശകലനവും ചുവടെ ചേർക്കും പ്രകാരമായിരുന്നു.

| കാലയളവ് | അംഗീകാരം ലഭിച്ച തീയതി | ഗുണഭോക്താക്കൾ | റീവിസിറ്റ് പ്രകാരം ഗുണഭോക്താക്കൾ |
|---|---|---|---|
| 2007-10 | 28.01.2010 | 73 | 80 |

ചലഞ്ച് ഫണ്ട് : 10,00,000/-

വികസനഫണ്ട് പഞ്ചായത്ത് : 17,64,000/-

ബ്ലോക്ക് പഞ്ചായത്ത് : 1,78,850/-

ജില്ലാ പഞ്ചായത്ത് : 76,650/-

IAY : 3,45,500/-

TSC : 87,500/-

EMS : 19,96,000/-

സംഭാവനകൾ : 1,19,000/-

ആകെ അടങ്കൽ : 55,65,500/-

പദ്ധതി പ്രവർത്തനങ്ങളും ചെലവ് വിവരവും

| പദ്ധതി | അടങ്കൽ | വകയിരുത്തൽ | | ചെലവ് | |
|---|---|---|---|---|---|
| | | പദ്ധതി വിഹിതം | ചലഞ്ച് ഫണ്ട് | പദ്ധതി വിഹിതം | ചലഞ്ച് ഫണ്ട് |
| ഭൂമിവാങ്ങൽ | 3x45000 = 135000/-<br>17x30000 = 510000/-<br>ആകെ- 645000/- | 385000/- | ഇല്ല | 210000/- | ഇല്ല |
| ഭവന നിർമാണം | 54x75000 =4050000/- | 1311000/- | ഇല്ല | 1260000/- | 215000/- |
| ഭവനപുനരുദ്ധാരണം | 5x15000 = | 550000/- | ഇല്ല | 225000/- | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | 75000/- | | | | |
| കിണർ നിർമാണം | 46 x 10000 = 460000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| കക്കൂസ് നിർമാണം | 35 x 25000 = 87500/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആഹാരം | 73 x 2000 = 146000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| വിദ്യാഭ്യാസം | 25 x 1000 = 25000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ചികിത്സാ സഹായം | 13 x1000 = 13000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| വയറിംഗ് | 54 x 1000 = 54000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| പദ്ധതി പ്രവർത്തനം | 10000/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഒന്നാംഘട്ടത്തിൽ ലഭിച്ച ഫണ്ടുകളും ചെലവും

| ഫണ്ടിനം | വകയിരുത്തിയ തുക | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| കുടുംബശ്രീ കമ്പ്യൂട്ടർ ഫണ്ട് | - | 2,00,000/- | 2,00,000/- |
| ചലഞ്ച് ഫണ്ട് | 10,00,000/- | 10,00,000/- | 2,15,000/- |
| ഗ്രാമപഞ്ചായത്ത് | 17,64,000/- | 22,46,000/- | 16,95,000/- |

| | | | |
|---|---|---|---|
| വിഹിതം | | | |
| ആകെ | 27,64,000/- | 34,46,000/- | 19,10,000/- |

ഒന്നാംഘട്ടത്തിൽ ഭവനനിർമ്മാണം, ഭവന പുനരദ്ധാരണം, ഭൂമിവാങ്ങൽ എന്നിവയ്ക്ക് മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളത്. രണ്ടാംഘട്ട പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ഒന്നാംഘട്ട പ്രവർത്തനത്തിന്റെ തുടർസേവനത്തിനായി 30.03.2017 ലെ സ.ഉ.(സാധാ)982/2017 /തസ്വഭവ പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ആശ്രയപദ്ധതി പ്രകാരം ഭക്ഷണം, വസ്ത്രം, മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ചലഞ്ച് ഫണ്ടിൽ നിന്നും ടി സഹായങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. പകരം ഭവനപുനരദ്ധാരണത്തിനായി 2,15,000/-രൂപ ചലഞ്ച് ഫണ്ടിൽ നിന്ന് ചെലവഴിക്കുകയും ചെയ്തു. ഇത് മാർഗ്ഗരേഖാ ലംഘനമാണ്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ പദ്ധതിവിഹിതത്തിൽ നിന്നും വകയിരുത്തിയിട്ടുള്ള തുക ലഭ്യമാക്കുന്നതിന് ചലഞ്ച് ഫണ്ടിൽ നിന്നും അത്യാവശ്യ ധനസഹായങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ആശ്രയ അക്കൗണ്ടിൽ 88,355,890/- രൂപ നീക്കിയിരുപ്പായി ഉണ്ട്).

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 2016-17 | 468000 | | 468000 | - |
| സി.ഡി.പി.ഒ, ചിറയിൻകീഴ് | 2016-17 | 1389324 | | 627606 | 761718<br>(മുൻനീക്കിയിരിപ്പുൾപ്പെടെ 934236/-) |
| (ഒ.ഡി.എഫ്.)<br>ശുചിത്വമിഷൻ | 2016-17 | 1827000 | | 2436000 | (-609000)<br>(ലഭിക്കാനുണ്ട്) |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ / ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ. ആറ്റിങ്ങൽ | കിഴുവിലം ഗവ.യു. പി.എസ്. കുടിവെള്ള കണക്ഷൻ | 21600124/ 11.05.16- | 13400 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - | - |
| കെ.ഡബ്ല്യൂ.എ. ആറ്റിങ്ങൽ | CWSS Vakkom -Anjengo fitting | 21600475/ 09.09.16 | 13323 | | | |

| | | | | | | |
|---|---|---|---|---|---|---|
| | of new street foundation | | | | | |
| കെ.ഡബ്ല്യു.എ.ആറ്റിങ്ങൽ | Street Fountain shifting charge Kaduvakkarakunnu | 21600847/ 19.01.17 | 4488 | | | |
| കെ.ഡബ്ല്യു.എ.ആറ്റിങ്ങൽ | Kizhuvillam<br>Arikathuvar public tap | 21600957/ 15.02.17 | 5144 | | | |
| കെ.ഡബ്ല്യു.എ.ആറ്റിങ്ങൽ | Shifting of street fountain near New Rajasthan Marbles. | 21601079/ 13.03.17 | 19955 | | | |
| കെ.ഡബ്ല്യു.എ.ആറ്റിങ്ങൽ | Supplying and laying 90 mm PVC<br>Pipe line at Panayaravilakom Leksham veedu Colony | 21601149/ 23.03.17 | 71000 | | | |
| കെ.ഡബ്ല്യു.എ.ആറ്റിങ്ങൽ | Post Shifting | 21600866/ 28.01.17 | 142412 | | | |
| കെ.എസ്.ഇ.ബിആറ്റിങ്ങൽ | Post Shifting | 21601150/ 23.03.17 | 118828 | | | |
| കെ.എസ്.ഇ.ബി. ആറ്റിങ്ങൽ | Post Shifting | 21601151/ 23.03.17 | 19867 | | | |
| കെ.എസ്.ഇ.ബി ആറ്റിങ്ങൽ | സമ്പൂർണ്ണ വൈദ്യുതീകരണം | 21601154 | 40000 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

| ക്രമ നം | നൽകിയത് | തുക | വിവരം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ISO പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | 4,00,000/- | Work in progress | - |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

(i) വായ്പ / വിനിയോഗം/ വീഴ്ചകൾ എന്നിവയുടെ വിവരം

| 2016-17 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം |
|---|---|---|---|---|

| |
|---|
| ഇല്ല |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാ) നം.275/2010 ത.സ്വ.ഭ.വ. തീയതി. 27.01.2010 | 17700000/- | 5449550/- | 3940000/- | - | 1509550 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1. | 2013-14 /5.2.4(6) | ഉച്ചഭക്ഷണ വിതരണം-അനുബന്ധ സൗകര്യങ്ങളുടെ അപര്യാപ്തത | എസ്.വി.യു.പി.എസ്. പുരവൂർ യു.പി.എസ്.മുടപുരം,<br>എൽ.പി.എസ്.കുന്തള്ളൂർ എന്നിവയിൽ ഭക്ഷണം പാകം ചെയ്യുന്നതിന് പ്രത്യേക പാചകപ്പുര സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കിഴവിലം<br><br>യു.പി.എസ്സിൽ ബഹു.എം.എൽ.എയുടെ വികസനഫണ്ടിൽ ഉൾപ്പെടുത്തി പാചകപ്പുര നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2. | 2013-14/ 5.2.4(7) | സ്കൂളുകളിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല. | എസ്.വി.യു.പി. എസ്.പുരവൂർ<br><br>യു.പി.എസ്.മുടപുരം,<br><br>എൽ.പി.എസ്.കുന്തള്ളൂർ എന്നിവിടങ്ങളിൽ കുടിവെള്ളത്തിന് കിണർ സൗകര്യം ഉണ്ട്. ബഹു.എം. എൽ.എയുടെ വികസനഫണ്ട് ഉപയോഗിച്ച് ശുദ്ധജലവിതരണത്തിന് വാട്ടർകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| 3. | 2013-14/ 5.2.4(9) | കളിസ്ഥല ത്തിന്റെ അഭാവം | കിഴവിലം.യു.പി. എസ്സിൽ എം.ജി. എൻ.ആർ. ഇ.ജി.എസ്.<br><br>പദ്ധതിയിൽ ഉൾപ്പടുത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാര ത്തിനായി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കേണ്ടതാണ്. |
| 4. | 2013-14/ 5.2.4(11) | ലാബ് സൗകര്യത്തിന്റെ അപര്യാപ്തത | എസ്.വി.യു.പി. എസ്.പുരവൂർ<br>യു.പി.എസ്.മുടപുരം,<br>എൽ.പി.എസ്. കുന്തള്ളൂർ ,<br>അണ്ടൂർ എൽ. പി.എസ്. എന്നിവിടങ്ങളിൽ<br>ലാബ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ)* സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹59039552/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹ 78077761 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹154700/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹.948155/- |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 154700/- | ശ്രീ. എൻ.വിജയകുമാർ, സെക്രട്ടറി |

*(സി)* ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) *സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-17 | 130955/- | ശ്രീ.എൻ.വിജയകുമാർ, സെക്രട്ടറി(റിട്ട.) |
| 3-18 | 36355/- | ശ്രീ.എൻ.വിജയകുമാർ സെക്രട്ടറി(റിട്ട.) |

| | | |
|---|---|---|
| 3-19 | 433400/- | ശ്രീ.വിപിൻ<br>കൃഷിഓഫീസർ |
| 3-20 | 347445/- | ശ്രീ.വിപിൻ<br>കൃഷിഓഫീസർ |
| ആകെ | 948155/- | |

(എഫ്) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായ

ഇല്ല

(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.റ്റി.6(സി)/642/01 തിയതി.13.06.2014(ഓഡിറ്റ് അദാലത്ത്) | 3 | |
| 1999-00 | | 2 | |
| 2000-01 | | - | |
| 2001-02 | | - | |
| 2002-03 | | 5 | |
| 2003-04 | | 3 | |

| | | | |
|---|---|---|---|
| 2004-05 | | 1 | |
| 2005-06 | | 4 | |
| 2006-07 | | 7 | |
| 2007-08 | | 16 | |
| 2008-09 | | 8 | |
| 2009-10 & 2010-11 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.8 /1151/2014 തിയതി 10.06.2014 | 13 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി/ജി.പി.8 /365/2014 തിയതി 26.04.2014 | 2 | |
| 2012-13 | നം.കെ.എസ്.എ-റ്റി.വി.എം/ജി.പി.8/1443/2014 തിയതി 10.09.2015 | 16 | |
| 2013-14 | നം.കെ.എസ്.എ-റ്റി.വി.എം/ജി.പി.8/375/2016 തിയതി 02.03.2016 | 28 | |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.8/1206/16തീയതി17.07.16 | 13 | |
| 2015-16 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.8/2131/16തീയതി19.12.16 | 14 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതൊഴികെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

ന്യൂനതകൾ

1. VPFA-II(A),II(B),III(road,non road)അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല .
2. B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃവിഹിതയിനത്തിൽ 63,833/-രൂപ ബാലൻസ് ഉണ്ട്.
3. കെട്ടിടനികുതിയിനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കുടിശ്ശിക,തൻവർഷ കളക്ഷൻ തുക ഏ.എഫ്.എസ്. പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
4. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ മൂല്യധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
5. RP-36 Schedule പ്രകാരം Advance collection of Rent from lease of land എന്ന head ലെ വരവ് 57,500/-രൂപയാണ്. എന്നാൽ ഈ ഇനത്തിലെ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ വരവ് 19166/- രൂപയാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്